## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3515 — 15.07.2015 ൽ മറുപടിയ്ക്ക്

### ആയുർവേദ നഴ്സുമാരുടെ പ്രൊമോഷൻ

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ബി.എ.എം.എസ്. കോഴ്സിന് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണ് ക്വാട്ട എന്നും വ്യക്തമാക്കുമോ; | (എ) | നേഴ്സ് തസ്തികയിൽ ജോലി നോക്കുന്നവർക്ക് ബി.എ.എം.എസ്. കോഴ്സിന് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ 1 (ഒന്ന്) സീറ്റ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇങ്ങനെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ട് പ്രമോഷൻ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ടും, ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിൽ ജോലി നോക്കി വരുന്ന ഫാർമസിസ്റ്റ്, നേഴ്സ്, മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് എന്നീ വിഭാഗക്കാരിൽ ബി.എ.എം.എസ്. യോഗ്യത നേടിയിട്ടുള്ളവർക്ക് ബൈ ട്രാൻസ്ഫർ മുഖേന പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുമാണ് മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തി വരുന്നത്. ബൈ ട്രാൻസ്ഫർ വഴി നിയമനം നടത്തുന്നതിലേയ്ക്ക് മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയുടെ കേഡർ സ്ട്രെംങ്ങ്തിന്റെ 10 % ടി വിഭാഗങ്ങളിലുള്ളവർക്കായി നീക്കിവച്ചിട്ടുള്ളതാണ്. ഇപ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റ്, നേഴ്സ്, മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് എന്നീ |

| | | | |
|---|---|---|---|
| | | | വിഭാഗക്കാരിൽ ബി.എ.എം.എസ്. യോഗ്യത ഉള്ളവർക്ക് മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ പ്രകാരം മാത്രം നിയമനം നൽകി വരുന്നുണ്ട്. |
| (സി) | സർക്കാർ ക്വാട്ടയിൽ ബി.എ.എം.എസ്. പഠനം പൂർത്തിയാക്കുന്നവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ട് പ്രമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (സി) | നിലവിലുള്ള സ്പെഷ്യൽ റൂളിന് വിധേയമായിട്ടു മാത്രമേ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിലേയ്ക്ക് നിയമനം നടത്താൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ